പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1586** **16-10-2026-ൽ മറുപടിയ്ക്ക്**

**പന്ന്യന്നൂരിൽ സ്റ്റേഡിയം, നീന്തൽ കുളം, ഫിറ്റ്നസ് സെന്റർ എന്നിവയുടെ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2024-25 വർഷത്തെ ബജറ്റിൽ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 1616 ആയി തലശ്ശേരി നിയോജകമണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ കായിക വകുപ്പിനു കീഴിൽ സ്റ്റേഡിയം, നീന്തൽക്കുളം, ഫിറ്റ്നസ് സെന്റർ എന്നിവ നിർമ്മിക്കുന്നതിന് മുപ്പത്തിയാറ് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** തലശ്ശേരി നിയമോജക മണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൽ സ്റ്റേഡിയം, നീന്തൽക്കുളം, ഫിറ്റ്നസ് സെന്റർ, എന്നിവ നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 284.36 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും, പ്രവൃത്തിക്ക് ഏഴ് തവണ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ 7 ദർഘാസിലും കരാറുകാരെ ക്ഷണിച്ചിരുന്നില്ല. 8-മത്തെ ദർഘാസ് നടപടി പുരോഗമിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**